"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യാ വകുപ്പ് - കേരള സ്റ്റേറ്റ് ഐ.ടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ തസ്തികയിൽ കരാർ വ്യവസ്ഥയിലും കെഫോൺ മാനേജിംഗ് ഡയറക്ടർ, ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർ എന്നീ തസ്തികകളുടെ അധിക ചുമതലയിലും തുടരുന്നതിന് ഡോ.സന്തോഷ് ബാബുവിന്റെ സേവനകാലം ദീർഘിപ്പിച്ച് നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യ(എ) വകുപ്പ്**

സ.ഉ.(കൈ) നം.5/2026/ITD തീയതി,തിരുവനന്തപുരം, 18-02-2026

---

പരാമർശം:-

1. 07.10.2021 തീയതിയിലെ സ.ഉ.(സാധാ) നം.32/2021/ഐടിഡി
2. 17.05.2022 തീയതിയിലെ സ.ഉ.(സാധാ) നം.82/2022/ഐടിഡി
3. 10.07.2023 തീയതിയിലെ സ.ഉ.(കൈ) നം.26/2023/ഐ.ടി.ഡി
4. 07.07.2023 തീയതിയിലെ സ.ഉ.(കൈ) നം.141/2023/LSGD
5. 02.11.2024 തീയതിയിലെ സ.ഉ(കൈ) നം.14/2024/ഐടിഡി
6. ഡോ.സന്തോഷ് ബാബുവിന്റെ 01.06.2025 തീയതിയിലെ അപേക്ഷ
7. വിജിലൻസ് ഡയറക്ടറുടെ 25.07.2025 തീയതിയിലെ N0C 32175/2O25IDVACB നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1) ഉത്തരവ് പ്രകാരം, റിട്ടയേർഡ് ഐഎഎസ് ഉദ്യോഗസ്ഥനായ ഡോ.സന്തോഷ് ബാബുവിനെ കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെ (KSITIL) മാനേജിംഗ് ഡയറക്ടറായി പുനർനിയമന വ്യവസ്ഥയിൽ നിയമിക്കുകയും പരാമർശം (2) ഉത്തരവ് പ്രകാരം പ്രസ്തുത തസ്തികയിൽ അദ്ദേഹത്തിന്റെ ശമ്പളം പുനർനിയമന വ്യവസ്ഥയിൽ Rs.1,76,436/- ആയി നിശ്ചയിക്കുകയും ചെയ്തിരുന്നു. തുടർന്ന് കേരള ഫൈബർ ഒപ്റ്റിക് നെറ്റ് വർക്ക് ലിമിറ്റഡ് (KFON) മാനേജിംഗ് ഡയറക്ടർ തസ്തികയുടെ അധിക ചുമതലയും ടിയാൾക്ക് നൽകുകയുണ്ടായി. കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിൽ മാനേജിംഗ് ഡയറക്ടർ തസ്തികയിലും കെഫോൺ മാനേജിംഗ് ഡയറക്ടർ തസ്തികയുടെ അധിക ചുമതലയിലും തുടർന്ന ഡോ.സന്തോഷ് ബാബുവിന്റെ നിയമനം പുനർനിയമന വ്യവസ്ഥയിൽ നിന്നും കരാർ വ്യവസ്ഥയിലേയ്ക്ക് ഭേദഗതി വരുത്തി, ആകെ

പ്രതിമാസ ശമ്പളം 2,55,000/- രൂപ (യഥാക്രമം 1,80,000, 75,000/-) നിശ്ചയിച്ച് പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഇതുകൂടാതെ ഇൻഫർമേഷൻ കേരള മിഷന്റെ (IKM) എക്സിക്യൂട്ടീവ് ഡയറക്ടറുടെ അധിക ചുമതല വഹിക്കുന്നതിന് പരാമർശം (4) പ്രകാരം ഹോണറേറിയം പ്രതിമാസം 75,000/- രൂപയും അനുവദിച്ചിരുന്നു.

2) ഡോ.സന്തോഷ് ബാബുവിന് അനുവദിച്ചിരുന്ന 2 വർഷത്തെ കാലാവധി 10.10.2024 തീയതിയിൽ അവസാനിച്ചതിനെത്തുടർന്ന്, ശമ്പളമായി പ്രതിമാസം 3,30,000/- രൂപ (KSITIL 1,80,000/-, KFON 75,000/-, IKM - 75,000/-) നിശ്ചയിച്ചുകൊണ്ട് കെ.എസ്.ഐ.ടി.ഐ.എൽ മാനേജിംഗ് ഡയറക്ടർ തസ്തികയിൽ കരാർ വ്യവസ്ഥയിലും കെഫോൺ മാനേജിംഗ് ഡയറക്ടർ, ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർ എന്നീ തസ്തികകളുടെ അധിക ചുമതലയിലും തുടരുന്നതിന് ടിയാന്റെ സേവനകാലാവധി 10.10.2024 തീയതി മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകി പരാമർശം (5) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3) തനിക്ക് അനുവദിച്ചിരുന്ന കാലാവധി 10.10.2025 ന് അവസാനിക്കുന്നതായും പ്രസ്തുത തസ്തികകളിൽ തുടരാൻ താത്പര്യമുണ്ടെന്നും ആയതിനാൽ ടി തസ്തികകളിലെ തന്റെ സേവനകാലാവധി ദീർഘിപ്പിച്ച് നൽകണമെന്നും പരാമർശം (6) പ്രകാരം ഡോ.സന്തോഷ് ബാബു സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KSITIL) മാനേജിംഗ് ഡയറക്ടർ തസ്തികയിൽ കരാർ വ്യവസ്ഥയിലും കേരള ഫൈബർ ഒപ്റ്റിക് നെറ്റ് വർക്ക് ലിമിറ്റഡ് (KFON) മാനേജിംഗ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (IKM) എക്സിക്യൂട്ടീവ് ഡയറക്ടർ എന്നീ തസ്തികകളുടെ അധിക ചുമതലയിലും സേവനമനുഷ്ഠിച്ചുവരുന്ന ഡോ.സന്തോഷ് ബാബുവിന് നിലവിൽ അനുവദിച്ചിട്ടുള്ള സേവനവേതനവ്യവസ്ഥ പ്രകാരം ശമ്പളമായി പ്രതിമാസം 3,30,000/- രൂപ (യഥാക്രമം KSITIL 1,80,000/- രൂപ, KFON 75,000/- രൂപ, IKM 75,000/-രൂപ) നിശ്ചയിച്ചുകൊണ്ട്, ടിയാളുടെ സേവനകാലാവധി 10.10.2025 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീറാം സാംബശിവ റാവു ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഡോ.സന്തോഷ് ബാബു ഐ എ എസ് (റിട്ട.) , മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഐ.ടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്
അക്കൗണ്ടന്റ് ജനറൽ (എ&ഇ)ഓഡിറ്റ്, കേരള, തിരുവനന്തപുരം
പൊതുഭരണ (എസ് സി) വകുപ്പ് (ക്യാബിനറ്റ് ഇനം നം................)
തദ്ദേശ സ്വയംഭരണ വകുപ്പ് (ഇജി /133/2025-ത.സ&.ഭ.വ. തീയതി 06.08.2025)
ധനകാര്യ വകുപ്പ് (1969891/PU-D3/2/2022-Fin തീയതി 12-01-2026)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Kiran M
Date: 18-02-2026 12:16:44
സെക്ഷൻ ഓഫീസർ

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 13-02-2026

ഫയൽ നം. ഐ.ടി.-എ2/83/2025/ഐ.റ്റി.ഡി. ഇനം നം: 3679

വിഷയം : ഇലക്ട്രോണിക്സ് & ഐ.ടി. വകുപ്പ് - KSITIL മാനേജിംഗ് ഡയറക്ടർ പദവിയിൽ കരാർ വ്യവസ്ഥയിലും KFON മാനേജിംഗ് ഡയറക്ടർ, IKM എക്സിക്യൂട്ടീവ് ഡയറക്ടർ എന്നീ തസ്തികകളുടെ അധിക ചുമതലയിലും തുടരുന്നതിന് ഡോ.സന്തോഷ് ബാബു ഐ.എ.എസ്. (റിട്ട.)-ന്റെ സേവനം 10.10.2025 തീയതി മുതൽ ഒരു വർഷത്തേക്ക് നീട്ടി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം -

1. - അംഗീകരിച്ചു.

2.(എ). - അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറി, ഇലക്ട്രോണിക്സ് & ഐ.ടി. വകുപ്പ്.

3679

**കേരള സർക്കാർ**
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
**<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം.ഐ.ടി–എ 2/83/2025/ഐ.ടി.ഡി |
| 2 | വകുപ്പ് | : | ഇ&ഐ.ടി (എ) വകുപ്പ് |
| 3 | വിഷയം | : | ഇ&ഐ.ടി - KSITIL മാനേജിംഗ് ഡയറക്ടർ പദവിയിൽ കരാർ വ്യവസ്ഥയിലും KFON മാനേജിംഗ് ഡയറക്ടർ, IKM എക്സിക്യൂട്ടീവ് ഡയറക്ടർ എന്നീ തസ്തികകളുടെ അധിക ചുമതലയിലും തുടരുന്നതിന് ഡോ.സന്തോഷ് ബാബു ഐഎഎസ് (റിട്ട) -ന്റെ സേവനം 10.10.2025 തീയതി മുതൽ ഒരു വർഷത്തേക്ക് നീട്ടി നൽകുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 18/11/2025 |
| 5 (i) | ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : | അതെ |
| (ii) | സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾ ക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾ ക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്<br>ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | രാജേഷ് കുമാർ എം. |
| 8 | കുറിപ്പ് അംഗീകരിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | സീറാം സാംബശിവ റാവു |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സ്പെഷ്യൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 06/02/2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 08/02/2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മുഖ്യ മന്ത്രി അംഗീകരിച്ച തീയതി | : | 10/02/2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 11/02/2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1) KSITIL മാനേജിംഗ് ഡയറക്ടർ പദവിയിൽ കരാർ വ്യവസ്ഥയിലും KFON മാനേജിംഗ് ഡയറക്ടർ, IKM എക്സിക്യൂട്ടീവ് ഡയറക്ടർ എന്നീ തസ്തികകളുടെ അധിക ചുമതലയിലും തുടരുന്നതിന് ഡോ.സന്തോഷ് ബാബു ഐഎഎസ് (റിട്ട) -ന്റെ കരാർ സേവനം ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് നൽകുന്നതിന് മന്ത്രിസഭയുടെ അംഗീകാരം തേടുന്നതിനാണ് ഈ കുറിപ്പ് സമർപ്പിക്കുന്നത്.

2) ഡോ.സന്തോഷ് ബാബു ഐഎഎസ് (റിട്ട) നെ കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെ (കെ.എസ്.ഐ.ടി.ഐ.എൽ) മാനേജിംഗ് ഡയറക്ടറായി പുനർനിയമന വ്യവസ്ഥയിൽ 07.10.2021 തീയതിയിലെ സ.ഉ.(സാധാ)നം..32/2021/ഐടിഡി പ്രകാരം നിയമിക്കുകയും 17.05.2022 തീയതിയിലെ സ.ഉ.(സാധാ)നം.82/2022/ഐടിഡി പ്രകാരം പ്രസ്തുത തസ്തികയിൽ അദ്ദേഹത്തിന്റെ ശമ്പളം പുനർനിയമന വ്യവസ്ഥയിൽ Rs.1,76,436/- ആയി നിശ്ചയിക്കുകയും ചെയ്തിരുന്നു. തുടർന്ന് മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിൽ (കെ.എസ്.ഐ.ടി.ഐ.എൽ) മാനേജിംഗ് ഡയറക്ടർ, KFON മാനേജിംഗ് ഡയറക്ടർ അധിക തസ്തിക എന്നിവയിൽ പുനർ നിയമന വ്യവസ്ഥയിൽ നിയമിതനായ ഡോ.സന്തോഷ് ബാബു ഐഎഎസ് (റിട്ട)-ന്റെ നിയമനം കരാർ വ്യവസ്ഥയിലേയ്ക്ക് ഭേദഗതി വരുത്തി, കൺസോളിഡേറ്റഡ് വേതനമായി പ്രതിമാസം 2,55,000/- (യഥാക്രമം 1,80,000, 75,000/-) രൂപ നിശ്ചയിച്ച് 10.07.2023 തീയതിയിലെ സ.ഉ.(കൈ)നം.26/2023/ഐ.ടി.ഡി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. കൂടാതെ 07.07.2023 തീയതിയിലെ സ.ഉ.(കൈ)നം.141/2023/LSGD ഉത്തരവ് പ്രകാരം IKM എക്സിക്യൂട്ടീവ് ഡയറക്ടറുടെ അധിക ചുമതല വഹിക്കുന്നതിനായി ഹോണറേറിയം 75,000/- രൂപയായി നിശ്ചയിച്ചു.

3) ഡോ.സന്തോഷ് ബാബു ഐഎഎസ് (റിട്ട) ന് അനുവദിച്ച് നൽകിയിരുന്ന 2 വർഷ കാലാവധി 10.10.2024 തീയതിയിൽ അവസാനിച്ചതിനെത്തുടർന്ന് 02.11.2024 തീയതിയിലെ സ.ഉ(കൈ)നം.14/2024/ഐടിഡി ഉത്തരവ് പ്രകാരം ശമ്പളമായി പ്രതിമാസം 3,30,000/- രൂപ (KSITIL - 1,80,000/- രൂപ, KFON - 75,000/- രൂപ, IKM - 75,000/-രൂപ) നിശ്ചയിച്ച് കൊണ്ട് KSITIL മാനേജിംഗ് ഡയറക്ടർ പദവിയിൽ കരാർ വ്യവസ്ഥയിലും KFON മാനേജിംഗ് ഡയറക്ടർ, IKM എക്സിക്യൂട്ടീവ് ഡയറക്ടർ എന്നീ

തസ്തികകളുടെ അധിക ചുമതലയിലും തുടരുന്നതിന് ടിയാന്റെ കരാർ സേവനം 10.10.2024 തീയതി മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

4) ഡോ.സന്തോഷ് ബാബു ഐഎഎസ് (റിട്ട) നിലവിൽ തനിക്ക് അനുവദിച്ച ഒരു വർഷകാലാവധി 10.10.2025 ന് അവസാനിക്കുവാൻ പോകുന്നതായും മാനേജിംഗ് ഡയറക്ടർ കെ.എസ്.ഐ.ടി.ഐ.എൽ, മാനേജിംഗ് ഡയറക്ടർ കെ-ഫോൺ, ചീഫ് മിഷൻ ഡയറക്ടർ & എക്സിക്യൂട്ടീവ് ഡയറക്ടർ ഐ.കെ.എം എന്നീ തസ്തികകളിൽ തുടരാൻ താത്പര്യമുണ്ടെന്നും ആയതിനാൽ പ്രസ്തുത തസ്തികകളിൽ തന്റെ സേവനകാലാവധി ദീർഘിപ്പിച്ച് നൽകണമെന്നുമാവശ്യപ്പെട്ട് സർക്കാരിൽ വീണ്ടും അപേക്ഷ ലഭ്യമാക്കുകയുണ്ടായി.

5) ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ തസ്തികയിൽ ഡോ.സന്തോഷ് ബാബു ഐഎഎസ് (റിട്ട) തുടരേണ്ടതുണ്ടോ എന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അഭിപ്രായം തേടുകയും പ്രസ്തുത തസ്തികയിൽ ടിയാന്റെ സേവനം ആവശ്യമാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് അറിയിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഡോ.സന്തോഷ് ബാബു ഐഎഎസ് (റിട്ട) ന്റെ പേരിൽ വിജിലൻസ് കേസോ എൻക്വയറിയോ നിലവിലില്ല എന്ന് വിജിലൻസ് ഡയറക്ടറും അറിയിക്കുകയുണ്ടായി.

6) ടി വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടുകയും ധനകാര്യ വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തു.

*KSITL & KFON എന്നിവയിലെ മാനേജിംഗ് ഡയറക്ടർ, IKM ന്റെ ചീഫ് മിഷൻ ഡയറക്ടർ എന്നീ പദവികളിൽ നിലവിൽ കരാർ വ്യവസ്ഥയിൽ തുടർന്നുവരുന്ന ഡോ. സന്തോഷ് ബാബു IAS (Rtd) -ന് നിലവിൽ അനുവദിച്ചിട്ടുള്ള സേവനവേതനവ്യവസ്ഥകൾ പ്രകാരം ഒരു വർഷത്തേയ്ക്കോ അല്ലെങ്കിൽ പ്രസ്തുത പദവികളിൽ മറ്റുവിധത്തിൽ നിയമനം നടക്കുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ എന്ന വ്യവസ്ഥയിൽ കരാർ നിയമനം മന്ത്രിസഭായോഗതീരുമാനത്തിന് വിധേയമായി ദീർഘിപ്പിച്ചു നൽകുന്ന വിഷയത്തിൽ ധനകാര്യ വകുപ്പിന് വിയോജിപ്പില്ലെന്ന വിവരം ഭരണവകുപ്പിനെ അറിയിക്കുന്നു.*

7) തുടർന്ന് ഐ.ടി വകുപ്പിന് കീഴിലുള്ള മറ്റു സ്ഥാപനങ്ങളുടെ മേധാവിമാരുടേത് പോലെ സാമ്പത്തിക നഷ്ടം വരാത്ത രീതിയിൽ ഡോ.സന്തോഷ് ബാബുഐഎഎസ് (റിട്ട) ന് കൃത്യമായ വേതനം നിശ്ചയിച്ച് നൽകുന്ന കാര്യത്തിൽ ഒരിക്കൽ കൂടി ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടുകയും ധനകാര്യ വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തു.

*കരാർ/ദിവസവേതന തസ്തികകളുടെ വേതനം ഉൾക്കൊള്ളിച്ചിട്ടുള്ള നിലവിലെ ഉത്തരവായ GO(P) No.54/2025/Fin dtd:19.04.2025 (attached below) പ്രകാരം അനുവദനീയമായ പരമാവധി കരാർ വേതനം എന്നത് കാറ്റഗറി XII പ്രകാരമുള്ള 60,410/- രൂപയാണ്. എന്നിരുന്നാലും വകുപ്പ് മേധാവി തലത്തിൽ വരുന്ന തസ്തികകൾക്കും വകുപ്പ് മേധാവിയുടെ ജോലി സ്വഭാവം വരുന്ന തസ്തികകൾക്കും പ്രത്യേകമായി 75000/- രൂപ കൺസോളിഡേറ്റഡ് വേതനം അനുവദിക്കുന്ന ഒരു പൊതുനിലപാടാണ് ഈ വകുപ്പിൽ നിന്നും സ്വീകരിച്ച് വരുന്നത്. ഇവിടെ 3 സ്ഥാപനങ്ങളുടെ വകുപ്പ് മേധാവി തസ്തികകളുടെ ചുമതല ആണ് ഡോ. സന്തോഷ് ബാബു IAS (Rtd) നിലവിൽ വഹിക്കുന്നത്. ആയതിനാൽ 75000 x 3 = 225000/- രൂപയാണ് കരാർ /ദിവസവേതന നിയമനം സംബന്ധിച്ച് ധന വകുപ്പ് നിലവിൽ സ്വീകരിച്ച് വരുന്ന പൊതുനിലപാട് പ്രകാരം ടിയാന് അനുവദിച്ച് നൽകുവാൻ കഴിയുന്ന പരമാവധി തുക. 'ഡോ. സന്തോഷ് ബാബുവിനെ, നിലവിലുള്ള ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നിലനിർത്തികൊണ്ട്, ഇപ്പോൾ വഹിച്ചുകൊണ്ടിരിക്കുന്ന ചുമതലകൾ ഒരു വർഷത്തേക്ക് കൂടി തുടരാൻ അനുവദിക്കുക' എന്ന ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവിലേയ്ക്കും കൂടി ശ്രദ്ധ ക്ഷണിച്ചു കൊണ്ട് ഭരണ വകുപ്പ് ഫയൽ മടക്കുന്നു.*

8) ഡോ.സന്തോഷ് ബാബു ഐഎഎസ് (റിട്ട) ന്റെ സേവനകാലം നിലവിലുള്ള ശമ്പളവും ആനുകൂല്യങ്ങളും നിലനിർത്തിക്കൊണ്ട് ഒരു വർഷത്തേക്കുകൂടി നീട്ടി നൽകുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

1. കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KSITIL) മാനജിംഗ് ഡയറക്ടർ തസ്തികയിൽ കരാർ വ്യവസ്ഥയിലും കേരള ഫൈബർ ഒപ്റ്റിക് നെറ്റ് വർക്ക് ലിമിറ്റഡ് (KFON) മാനജിംഗ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (IKM) എക്സിക്യൂട്ടീവ് ഡയറക്ടർ എന്നീ തസ്തികകളുടെ അധിക ചുമതലയും വഹിച്ചു വരുന്ന ഡോ.സന്തോഷ് ബാബു ഐഎഎസ് (റിട്ട) ന്റെ സേവനകാലം 10.10.2025 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകാമോ?

2. (എ) ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തെ മറികടന്നു കൊണ്ട് ടിയാന് നിലവിൽ അനുവദിച്ചിട്ടുള്ള സേവനവേതന വ്യവസ്ഥകൾ നിലനിർത്തി, പ്രതിമാസം 3,30,000/- രൂപ (KSITIL - 1,80,000/- രൂപ, KFON - 75,000/- രൂപ, IKM-75,000/-രൂപ) മൊത്ത ശമ്പളമായി നിശ്ചയിക്കാമോ?

അല്ലെങ്കിൽ,

(ബി) ധനകാര്യ വകുപ്പ് ഇപ്പോൾ സ്വീകരിച്ചു വരുന്ന പൊതു നിലപാടിന് അനുസൃതമായി 225000 രൂപ (75000x3) വേതനമായി നിശ്ചയിച്ചു നൽകാമോ?